# പറക്കാം മറന്ന ചിറകിലൂടെ...

1

പൂമ്പാറ്റകളിന്ന്
മഞ്ഞുതുള്ളികളിൽ കണ്ണാടിനോക്കാറില്ല.
വെയിൽവിരലുകൾ പൊന്നുരുക്കുന്ന
പുൽനാമ്പുകളിൽ കിനാവ് കായാറില്ല.
ആശാൻകവിതയിലെ പൂവല്ലികളിൽ
പറന്നുയരാറില്ല.
ഇലകളുടെ ഈറൻ താരാട്ടും
മാമ്പൂവിന്റെ സുഗന്ധവും
അവർ പാടെ മറന്നുപോയിരിക്കുന്നു.
സൈബർ ലോകത്തിന്റെ
വിശാലമായ തടവിലേക്ക് ചേക്കേറുന്നു.
കാണാതെപോയ കുഞ്ഞിനെ എന്നപോലെ
ആകാശം അവരെ തിരിച്ചുവിളിക്കുന്നു.
ശ്രദ്ധിക്കാനേ പോയില്ല.
ആ ചതിയുടെ തീച്ചൂളയിൽ
എരിഞ്ഞടങ്ങുന്നതു വരെയും...

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

2

സൈബർസ്പേസിൽ
ഒരു പൂമ്പാറ്റ നിൽക്കുന്നു.
പൂവുകളിലെല്ലാം
രക്തം രുചിക്കാൻ തുടങ്ങിയപ്പോഴാണവൾ
ഇവിടേക്ക്തന്നെ മടങ്ങിയത്.
ഇത്രയും കാലമായി താൻ
പറക്കാതെപോയ പറക്കങ്ങളെ
അത് മറന്നുപോയിരുന്നു.
തന്റെ രാമയക്കത്തെ
ആരുമറിയാതെ ഡിലീറ്റ് ചെയ്ത്
അദൃശ്യപ്രണയത്തെയായിരുന്നു
അവൾ അക്സെപ്റ്റ് ചെയ്തത്.
ആ ചിറകുകളിലെ വർണങ്ങൾ
മോണിറ്ററിന്റെ വെളിച്ചങ്ങളിൽ
മങ്ങിപ്പോയിരുന്നു.
അവ കണ്ടവൾ അമ്പരന്നിട്ടുണ്ടാവും.
എന്നാൽ ഏറെ വൈകിയാണ്
തിരിച്ചറിഞ്ഞത്.

ആ സപ്തവർണ്ണങ്ങളുടെ സംഗമം.
വെളുപ്പിലേക്കല്ല
ചതിയുടെ കറുപ്പാണെന്ന്.
വാനിലുയരാൻ കൊതിക്കുമ്പോഴും.
അത് നൂലറ്റങ്ങളിൽ പിടയുന്നു.
ചിലന്തിയുടെ കരവിരുതിൽ
മയങ്ങിപ്പോവുന്നു.
ഈ വലിയ ലോകത്തെ
അതിജീവിക്കുവാൻ
ആ കുഞ്ഞുപൂമ്പാറ്റയ്ക്കാവുമോ ?

---